

# നിലാവ്

## ജി എ ച്ച് എസ് മീനടത്തൂർ

**ഉള്ളടക്കം**

ആമുഖം....................................................................................................3
നല്ല ചങ്ങാതി..............................................................................................4
ഹമ്പോ കൊമ്പൻ..........................................................................................6
മീശ വിശേഷം..............................................................................................7
കുരച്ചാൽ കുഴപ്പം........................................................................................7
പുട്ടു കഥ.....................................................................................................9

## ആമുഖം

മീനടത്തുർ സ്കൂളിലെ 2019-20 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ അതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ അംഗങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മിസ്ട്രസ്സ്

## നല്ല ചങ്ങാതി

ഒരിടത്ത് രണ്ട് ചങ്ങാതിമാരുണ്ടായിരുന്നു.അതിൽ ഒരാൾക്ക് കണ്ണ് കാണില്ലായിരുന്നു.എന്നാൽ അവർ പരസ്പ്പരം സ് നേഹിച്ചിരുന്നു.അവരുടെ സൗഹാർദം നാട്ടിൽ പരന്നിരുന്നു.അവരുടെ സ് നേഹത്തെ എല്ലാവരും വാനവോളം പുകയ് ത്തിയിരുന്നു.അതുകൊണ്ട് അവർക്ക് എല്ലാവരുടെയും മുമ്പിൽ അഭിമാനത്തോടെ തല ഉയർത്തി നടക്കാമായിരുന്നു

# ഹമ്പോ കൊമ്പൻ

വമ്പു പറഞ്ഞു നടക്കും വമ്പൻ

കൊമ്പുകുലുക്കും കൊമ്പൻ

കൊമ്പുകുലുക്കിത്തുമ്പി ചുഴറ്റി

കുമ്പകുലുക്കി വരുമ്പോൾ,

ചെമ്പനുറുമ്പു വരുന്നതു കണ്ടാൽ

പമ്പ കടക്കും വമ്പൻ!

# മീശ വിശേഷം

കേശൻ സിംഹം പണ്ടൊരുനാൾ

മീശ പിരിച്ചു നടന്നപ്പം

കൊമ്പിൽപാടി  കുരങ്ങച്ചൻ

"കൊമ്പൻ മീശയെനിക്കിഷ്ടം"

വാശിക്കാരൻ കടുവച്ചാർ

മീശ മിനുക്കി നടന്നപ്പോൾ

മൂളിപ്പാടി കുറുക്കച്ചൻ

“നീളൻ മീശയെനിക്കിഷ്ടം"

# കുരച്ചാൽ കുഴപ്പം

ഒരിടത്തൊരു ചെറിയ വീടുണ്ടായിരുന്നു. സോമൻ എന്നയാളാണ് അതിൽ ജീവിച്ചിരുന്നു.അയാൾ ഒരു പട്ടിയെ വാങ്ങിച്ചു . മിക്കു എന്നായിരുന്നു പേര്. മിക്കുവിനെ വീടിനു മുന്നിൽ കെട്ടിയിട്ട് സോമൻ അകത്തേക്ക് പോയി.

അപ്പോൾ നിക്കു പട്ടി അതുവഴി വന്നു. നിക്കു ചോദിച്ചു:"പുതിയ കാവൽക്കാരനാ അല്ലേ?" "അതെ" ടിക്കു പറഞ്ഞു. "എന്നാൽ ഞാൻ പോയി". നിക്കു പറഞ്ഞു.

രാത്രിയായി വീട്ടുകാരെല്ലാം ഉറങ്ങി. അപ്പോഴതാ വരുന്നു കള്ളൻ .പട്ടി നന്നായി കുരച്ചു. കള്ളൻ ഓടി. യജമാനൻ വന്നു നോക്കുമ്പോൾ അവിടെ ആരുമില്ല.

പിറ്റേന്നും ഇതു നടന്നു . അപ്പോൾ യജമാനന് ദേഷ്യ മായി . നായയെ ആട്ടി ഓടിച്ചു. പാവം നായ വേഗം പോയി

കുറച്ചു ദിവസം കഴിഞ്ഞു. അന്ന് രാത്രി കള്ളൻ വീണ്ടും വന്നു.അവിടെയുണ്ടായിരുന്ന പണവും ആഭ രണവും കൊണ്ടു പോയി. സോമൻ രാവിലെ നോക്കി യപ്പോൾ പണവും ആഭരണവും കാണാനില്ല. അപ്പോൾ അവൻക്ക് പറ്റിയ തെറ്റ് മനസ്സിലായി.

# പുട്ടു കഥ

രാവിലെയെന്നെ വിളിക്കുന്നു

ആവിയിൽ വെന്തിട്ടൊരു കുറ്റി!

പുട്ടുണ്ടാക്കുമടുക്കളയിൽ

പെട്ടെന്നോടീ ഞാനെത്തി!

കടലക്കറിയും പപ്പടവും

റെഡിയായിങ്ങനെ നിൽപ്പുണ്ട്

പ്ലേറ്റിൽ വിളമ്പിതാ അമ്മേ,

തട്ടിവിടാൻ ഞാനിവിടുണ്ട്...!

ഡിജിറ്റൽ മാഗസിൻ നിർമാണത്തിനു
പിന്നിൽ പ്രവർത്തിച്ച എല്ലാ കൈറ്റ്
അംഗങ്ങള്ക്കും നന്ദി അറിയിക്കുന്നു

രോഹിണി.പി